പ്രാഥമിക പരിശോധനയിലും ചില ഫയലുകൾ പരിശോധിച്ചതിലും പ്രസ്തുത ഉദ്യോഗസ്ഥ ഗ്രഡ് സർവ്വീസ് എൻടിക്ക് യോഗ്യയല്ല എന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ബോധ്യമായതിനാലാണ് ഗ്രഡ് സർവ്വീസ് എൻടി പിൻവലിച്ചത് എന്നാണ് സെക്രട്ടറിയുടെ ഉത്തരവിൽ കാണുന്നത്.

(ഡി) ഭരണഘടനയും നിയമങ്ങൾക്കും അനുസൃതമായി ജോലി ചെയ്ത ഒരു ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി സ്വീകരിച്ച റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കെതിരെ എന്തെങ്കിലും അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉദ്യോഗസ്ഥയ്ക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഗ്രഡ് സർവ്വീസ് എൻടി റദ്ദാക്കിയ നടപടി

271(2627) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24-10-2020-ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവിന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പ് വിവരാവകാശനിയമം, 2005 പ്രകാരം നൽകിയ റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ വ്യക്തിയുടെ ഗ്രഡ് സർവ്വീസ് എൻടി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി 15-7-2021-ന് പുറത്തിറക്കിയ ഉത്തരവിൽ റദ്ദാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവിന് നിയമ സാധുതയുണ്ടോ; വ്യക്തമാക്കാമോ?

വിവരാവകാശ നിയമപ്രകാരം രേഖകൾ നൽകിയതിന് ഗ്രഡ് സർവ്വീസ് എൻടി റദ്ദ് ചെയ്തിട്ടില്ല. റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നൽകിയ ഗ്രഡ് സർവ്വീസ് എൻടി അദ്ദേഹംതന്നെ റദ്ദ് ചെയ്യുകയാണ് ചെയ്തത്. ഇതുസംബന്ധിച്ച് മന്ത്രിക്ക് ലഭിച്ച പരാതി പരിശോധനയ്ക്കായി ചീഫ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഉത്തരവ് ഇറക്കിയത് വകുപ്പുമന്ത്രിയുടെ അറിവോടെയാണോ എന്ന് വ്യക്തമാക്കാമോ?

അല്ല.

(സി) റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി 15-7-2021- ന് ഇറക്കിയ ഉത്തരവിൽ I am of the view that she is not eligible for Good service Entry, Therefore I hereby cancel എന്ന വാചകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥന്റെ ഈ നടപടി നിയമവിരുദ്ധമാണോ എന്ന് പരിശോധിക്കുമോ; നിയമവിരുദ്ധമെങ്കിൽ ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവിലെ വാചകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിതന്നെ ചില ഭേദഗതി വരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച റവന്യൂ മന്ത്രിക്ക് ലഭിച്ച പരാതി പരിശോധിച്ച് വിവരം നൽകുന്നതിനായി ചീഫ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

പട്ടയ ഭൂമിയിലെ മരം മുറി

272(2628) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ എ. കെ. എം. അഷ്റഫ്:

ശ്രീ . എൻ . ഷംസുദ്ദീൻ:

ശ്രീ . ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ പട്ടയ ഭൂമിയിൽ വച്ചുപിടിപ്പിച്ച ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിക്കാമെന്ന സർക്കാർ ഉത്തരവ് റദ്ദാക്കിയതിനാൽ നിലവിൽ പട്ടയ ഭൂമിയിൽ നിന്ന് മരങ്ങൾ മുറിക്കാൻ കർഷകർക്ക് കഴിയുന്നില്ല എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ബി) കർഷകരുടെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി കൂടുതൽ വ്യക്തതയോടെ ഉത്തരവ് പുറപ്പെടുവിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

മരംമുറിയുമായി ബന്ധപ്പെട്ട് നടപടി

273(2629) ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ മരംമുറി കേസുമായി ബന്ധപ്പെട്ട രേഖകൾ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിരുന്നോ?

ഇല്ല.